# PM Greets President and People of Republic of Korea on the 70th Anniversary of the Outbreak of the Korean War

June 25, 2020

## കൊറിയൻ യുദ്ധത്തിന്റെ 70 മത് വാർഷികത്തിൽ കൊറിയ റിപ്പബ്ലിക് പ്രസിഡന്റിനും കൊറിയൻ ജനതയ്ക്കും പ്രധാനമന്ത്രിആശംസകൾ അറിയിച്ചു.

ജൂൺ 25, 2020

1950 ലെ കൊറിയൻ യുദ്ധത്തിന് 70 വര്ഷം തികയുന്ന അവസരത്തിൽ, കൊറിയൻ ഉപദ്വീപിന്റെ സമാധാനം സംരക്ഷിക്കുന്നതിനായി ജീവൻ തന്നെ ദാനം നൽകിയ വീരമനസ്സുകൾക്കായി പ്രധാന മന്ത്രി ശ്രീ നരേന്ദ്ര മോഡി ശ്രദ്ധാഞ്ജലികൾ അർപ്പിച്ചു.

ഈ ഉദാത്തമായ അവസരത്തിൽ നടത്തിയ അനുസ്മരണ ചടങ്ങിൽ പ്രധാനമന്ത്രിയുടെ ഒരു വീഡിയോ സന്ദേശം പ്രദർശിപ്പിക്കുകയുണ്ടായി. ROK യിലെ മിനിസ്ട്രി ഓഫ് പാട്രിയോട് ആൻഡ് വെറ്ററൻസ് അഫേഴ്സ് ആണ് ഈ ചടങ്ങ് സംഘടിപ്പിച്ചത്, ചടങ്ങിൽ ROK പ്രസിഡണ്ട് മൂൺ ജെ ഇൻ ചടങ്ങിന് അധ്യക്ഷത വഹിച്ചു.ROK യുദ്ധ പരിശ്രമങ്ങളിൽ 60 PARA ഫീൽഡ് ആശുപത്രികളുടെ നിർമാണരൂപത്തിൽ ഇന്ത്യയുടെ സംഭാവന സന്ദേശത്തിൽ പ്രധാനമന്ത്രി അനുസ്മരിച്ചു. യുദ്ധസമയത്ത് ആശുപത്രി മികച്ച സേവനം നൽകുകയും സൈനികർക്കും സാധാരണക്കാർക്കും ആവശ്യമായ വൈദ്യസഹായം നൽകുകയും ചെയ്തു. യുദ്ധത്തിന്റെ ചാരത്തിൽ നിന്നും മഹത്തായ ഒരു രാജ്യം കെട്ടിപ്പടുക്കുന്നതിലേക്കുള്ള കൊറിയൻ ജനതയുടെ കഠിന പരിശ്രമത്തെ പ്രധാനമന്ത്രി അഭിനന്ദിച്ചു കൂടാതെ കൊറിയൻ ദ്വീപിൽ സമാധാനവും സ്ഥിരതയിൽ നിലനിർത്തുന്നതിനുള്ള ROK സർക്കാരിന്റെ പരിശ്രമങ്ങളെയും അദ്ദേഹം പ്രശംസിച്ചു.കൊറിയൻ ഉപദ്വീപിൽ നിത്യമായ സമാധാനം നിലനിൽക്കുന്നതിനു ഇന്ത്യൻ ഭരണകൂടത്തിന്റെയും ഇന്ത്യൻ ജനതയുടെയും പേരിൽ അദ്ദേഹം ആശംസകൾ അറിയിച്ചു.

പ്രസിഡണ്ട് മൂന്നിന് പുറമെ , ROK ദേശീയ പ്രതിരോധ മന്ത്രി , മറ്റു മന്ത്രിമാർ, യുദ്ധസമയത്ത് ROK യ്ക്ക് സഹായം നൽകിയ രാജ്യങ്ങളുടെ അംബാസിഡർമാർ, കൊറിയയിലെ മറ്റു വിശിഷ്ട വ്യക്തിത്വങ്ങൾ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

**ന്യൂ ഡൽഹി**
**25 ജൂൺ, 2020**

**DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.**